പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3500** — 23.06.2014 ൽ മറുപടിയ്ക്ക്

## പ്രകാശിന്റെ മരണം - ക്രൈം ബ്രാഞ്ച്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ പൂയപ്പള്ളി പഞ്ചായത്തിൽ പാണയം ജയാഭവനിൽ ആർ. ബാലകൃഷ്ണന്റെ മകൻ പ്രകാശിനെ 12-12-2011 വൈകിട്ട് 7 മണിക്ക് മൈലോട് ഇളവാംകോണം ഇറക്കത്ത് വച്ച് ജെ.സി.ബി. ഓടിച്ച് കയറ്റി കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൂയപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1121/11 u/s 304(A) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ Sec. 304 Part 2 & 34 IPC പ്രകാരമുള്ള കുറ്റംകൂടി ചുമത്തുകയുണ്ടായി. |
| (ബി) | കേസ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | ഈ കേസിലെ ഒന്നാം പ്രതി ലൈസൻസ് ഇല്ലാതെ ജെ.സി.ബി. ഓടിച്ചുകൊണ്ട് 12.12.2011 വൈകിട്ട് 7 മണിക്ക് പൂയപ്പള്ളി അമ്പലംകുന്ന് റോഡിൽ പടിഞ്ഞാറ് നിന്നും കിഴക്കോട്ട് ഓടിച്ച് വന്ന് കെ.എൽ.2 ക്യു. 1014 നമ്പർ മോട്ടോർ സൈക്കിളിൽ ഇടിച്ച് ഗുരുതര പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് ടി പ്രകാശ് മരണപ്പെട്ടു എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ കേസിന്റെ അന്വേഷണം പൂർത്തിയാക്കി 17.01.2014 -ൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. |

....2

| | | | |
|---|---|---|---|
| (സി) | കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | (സി) | കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. വിചാരണ ആരംഭിച്ചിട്ടില്ല. |
| (ഡി) | കേസിലെ കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | ടി കേസിലെ രണ്ടു പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രകാശിന്റെ മരണം സംബന്ധിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 25-11-2011 -ലും 22-02-2012-ലും മുഖ്യമന്ത്രിക്ക് പ്രകാശിന്റെ അച്ഛൻ പരാതി നൽകിയതായി അറിയാമോ ; | (ഇ) | 03.01.2012-ന് ഇത്തരത്തിലൊരു നിവേദനം ലഭിച്ചിട്ടുണ്ട്. |
| (എഫ്) | എങ്കിൽ പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | ടി കേസിലെ രണ്ട് പ്രതികളെയും അറസ്റ്റ് ചെയ്ത് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ